# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **108/2026** തിരുവനന്തപുരം, തീയതി : **29/05/2026**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം – 2026 - 27

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി സെന്ററുകളിലും 2026-27 അധ്യയന വർഷത്തെ നാല് വർഷ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കേരളസർവകലാശാലയ്ക്ക് കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷിക്കേണ്ടതാണ്:

- ജനറൽ / സംവരണ വിഭാഗങ്ങൾ **(General / Reservation)**
- മാനേജ്മെന്റ് / സ്പോർട്സ് ക്വാട്ട **(Management / Sports quota)**
- ഭിന്നശേഷി / ട്രാൻസ്ജെൻഡർ **(PWD / Transgender)**
- ടി.എൽ.എം / ലക്ഷദ്വീപ് ക്വാട്ട **(TLM / Lakshadweep)**

പ്രത്യേക ശ്രദ്ധയ്ക്ക്: ഇന്ത്യൻ പൗരന്മാരായ വിദ്യാർത്ഥികൾക്ക് മാത്രമാണ് ഏകജാലക സംവിധാനം വഴി അപേക്ഷിക്കാനാകുക. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ ഈ സംവിധാനം വഴി അപേക്ഷിക്കേണ്ടതില്ല. ഒ.സി.ഐ **(OCI)** കാർഡ് ഉള്ളവരും വിദേശികളുമായ വിദ്യാർത്ഥികൾ അഡ്മിഷനായി സർവകലാശാലയുടെ **Centre for Global Academics (CGA)** സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 2026 മെയ് 29 ന് വൈകുന്നേരം ആരംഭിക്കുന്നതും 2026 ജൂൺ 14 ന് അവസാനിക്കുന്നതുമാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി വരെ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതാണ്.

ഓപ്ഷനുകൾ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- വിദ്യാർത്ഥികൾക്ക് പരമാവധി 20 ഓപ്ഷനുകൾ വരെ തിരഞ്ഞെടുക്കാം.
- കോഴ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ അതാത് കോളേജ് വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇത് കൃത്യമായി പരിശോധിച്ച ശേഷം മാത്രം കോളേജുകൾ തിരഞ്ഞെടുക്കുക.
- തങ്ങൾ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണനാക്രമത്തിൽ **(Priority Order)** നൽകാൻ പ്രത്യേകം ശ്രദ്ധിക്കുക.

- അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം, തുടർന്നുള്ള അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതല്ല.

ഫീസും മറ്റ് നിർദ്ദേശങ്ങളും:

- രജിസ്ട്രേഷൻ ഫീസ്: പൊതുവിഭാഗത്തിന് 900/- രൂപ, എസ്.സി/എസ്.ടി (SC/ST) വിഭാഗത്തിന് 500/- രൂപ.

- ഓൺലൈനായി അപേക്ഷിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് സർവകലാശാല യിലേക്കോ കോളേജുകളിലേക്കോ അയക്കേണ്ടതില്ല.

- അപേക്ഷയുടെ പ്രിന്റൗട്ടും ഫീസടച്ചതിന്റെ രസീതും **(Fee Receipt)** അലോട്ട്മെന്റ് ലഭിച്ച് കോളേജിൽ പ്രവേശനം നേടുന്ന സമയത്ത് ഹാജരാക്കിയാൽ മതിയാകും.

- ഓൺലൈൻ പേയ്മെന്റ് മാത്രം: എല്ലാ ഫീസുകളും അവരവരുടെ പ്രൊഫൈലിൽ നിന്ന് ഓൺലൈൻ വഴി മാത്രമേ അടയ്ക്കാൻ സാധിക്കൂ.

- ഡി.ഡി, ചെക്ക്, ചലാൻ, **KU-Epayment etc** എന്നിവ സ്വീകരിക്കുന്നതല്ല.

- റീഫണ്ട് ലഭിക്കില്ല: തെറ്റായി ഒടുക്കുന്ന ഫീസുകൾ പിന്നീട് റീഫണ്ട് ചെയ്യുന്നതല്ല.

- രസീത് സൂക്ഷിക്കുക: ഫീസടച്ച ശേഷം ലഭിക്കുന്ന രസീത് **(Fee Receipt)** ഭാവി ആവശ്യങ്ങൾക്കായി നിർബന്ധമായും സൂക്ഷിച്ചുവെക്കുക.

കൂടുതൽ വിവരങ്ങൾക്ക്:

അഡ്മിഷനുമായി ബന്ധപ്പെട്ട പുതിയ അപ്ഡേറ്റുകൾക്കായി സർവകലാശാലയുടെ പത്രക്കുറിപ്പുകളും ഔദ്യോഗിക വെബ്സൈറ്റും പരിശോധിക്കുക:

വെബ്സൈറ്റ് ലിങ്ക്: **https://admissions.keralauniversity.ac.in/fyugp2026**
ഹെൽപ്പ് ലൈൻ നമ്പർ : **8281883052, 8281883053, 8281883052 (Whatsapp)**
**Email id: https://admissions.keralauniversity.ac.in/fyugp2026**

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഓഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ പഞ്ചവർഷ എംബിഎ ഇന്റഗ്രേറ്റഡ് (സപ്ലിമെന്ററി – 2017 – 2020 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 02 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ ഒന്നാം സെമസ്റ്റർ **M.P.E.S.** (2020 സ്കീം – റെഗുലർ & സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ **B .P.Ed.** (2022 സ്കീം – റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി ബയോകെമിസ്ട്രി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 05 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി ജിയോളജി (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 ജൂൺ 04 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248), ബിവോക് സോഫ്ട്വെയർ ഡെവലപ്മെന്റ് (351), ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ബിവോക് ട്രാവൽ ആന്റ് ടൂറിസം (357), ബിവോക് ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356), ഏപ്രിൽ 2026 ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമായി 2026 ജൂൺ 17 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല പാർട്ട് ഒന്ന്, രണ്ട് ബികോം ഡിഗ്രി ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ ജൂലൈ 2026 പരീക്ഷയുടെ (സെപ്റ്റംബർ 2025 & ഏപ്രിൽ 2026 കമ്പൈൻഡ് സെഷൻ) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂൺ 04 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ ന്യൂജെൻ ഡിഗ്രി കോഴ്സുകൾ ഉൾപ്പെടെയുള്ള എംഎ/എംഎസ്സി/എംകോം/എംഎസ്ഡബ്ല്യൂ/എംഎച്ച്ആർഎം/എംഎംസിജെ/എംടിടിഎം, ഏപ്രിൽ 2026 ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**